നമ്പർ.സ്പോർട്സ്(1)/43159/2010 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 21/06/2010.

## സർക്കുലർ

**വിഷയം :-** സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി – കായികക്ഷമതാ പരിശോധന പൂർത്തിയാക്കി ഫലങ്ങൾ അറിയിക്കുന്നത് സംബന്ധിച്ച്.

**സൂചന :-** 1) സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നമ്പർ10/08/പൊ.വി. തീയതി 02/01/2008.
2) സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ കത്ത് നമ്പർ.കെ.എസ്.എസ്.ബി.നം.3367/2010 തീയതി 09/06/2010.

************

സംസ്ഥാനത്ത് വിദ്യാഭ്യാസം, ആരോഗ്യം, സ്പോർട്സ്, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടുകൂടി സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി നടപ്പിലാക്കുന്നതിന് കേരള സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

കുട്ടികളുടെ കായികക്ഷമത തിട്ടപ്പെടുത്തുക, അവരിലെ കായികക്ഷമതാ സംബന്ധമായ കുറവുകൾ കണ്ടുപിടിക്കുക, ശരാശരി നിലവാരം ഉള്ളവരെ കഠിനമായ വ്യായാമമുറകളിലൂടെ ഉയർന്ന നിലവാരത്തിലേയ്ക്ക് എത്തിക്കുക. ശരാശരിയിൽ കുറഞ്ഞ നിലവാരമുള്ള കുട്ടികൾക്ക് അവരിൽ കായികക്ഷമതയുടെ ഏത് ഘടകമാണ് അപര്യാപ്തമെന്ന് ബോധ്യപ്പെടുത്തുകയും ആ കുറവ് പരിഹരിക്കുന്നതിനുള്ള വ്യായാമ ക്രമങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക, എന്നിങ്ങനെയുള്ള വിപുലമായ ഉദ്ദേശ്യങ്ങളാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്.

സംസ്ഥാന സർക്കാരിന്റെ കായികക്ഷമതാ പദ്ധതി ഈ വർഷവും ഗംഭീര വിജയമാക്കേണ്ട ബാധ്യത വിദ്യാഭ്യാസ വകുപ്പിലെ ഓരോ വ്യക്തിക്കും ഉള്ളതാണ്. സമ്പൂർണ്ണ കായികക്ഷമത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഓരോ സ്കൂളിലും നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ മുൻകൈ എടുക്കേണ്ടതാണ്. ഈ സർക്കുലറിന്റെ പകർപ്പ് ഓരോ സ്കൂളിലും എത്തിക്കാൻ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ/ഉപജില്ലാ ആഫീസർമാർ, വിദ്യാഭ്യാസ ഉപ ഡയറക്ടർ എന്നിവർ നടപടി സ്വീകരിക്കേണ്ടതാണ്. മാസം തോറും നടക്കുന്ന ഹെഡ്മാസ്റ്റർമാരുടെ യോഗത്തിലും ടി വിഷയം അറിയിക്കേണ്ടതാണ്.

DIRECTORATE OF PUBLIC INSTRUCTION
JAGATHY, THIRUVANANTHAPURAM-14

**<u>നിർദ്ദേശങ്ങൾ</u>**

1. സമ്പൂർണ്ണ കായികക്ഷമതാ പരിശോധന 5–ാം ക്ലാസ്സുമുതൽ 10–ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളുടേത് 2010 ആഗസ്റ്റ് 30 –ാം തീയതിയ്ക്കുമുമ്പായി പൂർത്തിയാക്കേണ്ടതാണ്.
2. പരിശോധനാ ഫലങ്ങൾ ഐ.ടി@സ്കൂൾ നൽകിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കി www.tpfp.org എന്ന വെബ്സൈറ്റിൽ ആഗസ്റ്റ് 30 –ാം തീയതിയ്ക്ക് മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.
3. കായികക്ഷമതാ പരിശോധനയിൽ ഗ്രേഡ് എ,ബി,സി നേടിയവർക്കുള്ള രണ്ടാം തല പരിശോധന സബ്ജില്ലാതലത്തിൽ 2010 ഒക്ടോബർ അവസാനവാരങ്ങളിൽ നടത്തുന്നതാണ്.
4. കായികപരിശോധന പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ എണ്ണവും മറ്റു വിവരങ്ങളും എല്ലാ ഹെഡ്മാസ്റ്റർമാരും ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരെ അറിയിക്കേണ്ടതാണ്.
5. പരിശോധനഫലങ്ങളുടെ നിജസ്ഥിതി ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ ഉറപ്പു വരുത്തേണ്ടതാണ്.

DIRECTORATE OF PUBLIC INSTRUCTION ★ THIRUVANANTHAPURAM-14 ★

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ

എസ്.ബി.24.06